# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.156 03.10.2011 ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ
ശ്രീ. പി.ബി. അബ്ദുൾ റസാക്
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| (എ) അന്തർസംസ്ഥാന നദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ; | (എ) അന്തർസംസ്ഥാന നദീജലപ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകി സഹായിക്കാൻ ഒരു 'ഐ.എസ്.ഡബ്ളിയു അഡ്വൈസറി കമ്മിറ്റി'' രൂപവൽക്കരിച്ചിട്ടുണ്ട്. സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ കേസ് പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേസ് എന്നിവ കാര്യക്ഷമമായി നടത്തിക്കുന്നതിന് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ കേസ് നടത്തിപ്പിനായി സുപ്രീംകോടതി യിലെ സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ് സാൽവേ, ശ്രീ;മോഹൻ ഖട്ടാർക്കി, ശ്രീ.രാജീവ് ധവാൻ, ശ്രീ.വി.ഗിരി എന്നിവരെയും സ്റ്റാൻഡിംഗ് കൗൺസിൽ ആയി ശ്രീ.രമേഷ് ബാബുവിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുപ്രീംകോടതിയിൽ നിലവിലുള്ള പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേസ് നടത്തിപ്പിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ് സാൽവേയെയും ശ്രീ.മോഹൻ ഖട്ടാർക്കിയെയും സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ.രമേശ് ബാബുവിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കാവേരി നദീ ജല തർക്ക ട്രൈബ്യൂണലിന്റെ വിധിയ്ക്കെതിരായി കേരളം സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസ് ഫലപ്രദമായി |

| | |
|---|---|
| | കൈകാര്യം ചെയ്യുന്നതിനായി സുപ്രീംകോടതിയിലെ ശ്രീ.ദിനേശ് ദ്വിവേദിയെയും ശ്രീ.ധ്യാൻ കൃഷ്ണൻ എന്നീ സീനിയർ അഡ്വക്കേറ്റുമാരെയും സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ.രമേശ് ബാബുവിനെയും നിയമിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന ഓഫീസുകളെയും അതിൽ പ്രവർത്തിക്കുന്ന സാങ്കേതിക നിയമവിദഗ്ദ്ധരെയും സംബന്ധിച്ച വിശദ വിവരങ്ങൾ നല്കാമോ; | (ബി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെ ഏകോപിപ്പിക്കുവാൻ വേണ്ടിയും വിവിധ കേന്ദ്ര സർക്കാർ കാര്യാലയങ്ങളുമായും ഏജൻസികളുമായി നിരന്തരം ബന്ധപ്പെടുന്നതിന് വേണ്ടിയും ന്യൂഡൽഹിയിൽ ഒരു കാവേരി സെൽ പ്രവർത്തിക്കുന്നുണ്ട്. ഈ കാര്യാലയത്തിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറും അദ്ദേഹത്തിന്റെ കീഴിൽ ഒരു അസിസ്റ്റന്റ് എൻജിനീയറും സേവനമനുഷ്ഠിക്കുന്നു. |
| (സി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) കേരള ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി) എങ്കിൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ; | |
| (ഇ) ഇക്കാര്യത്തിൽ ന്യൂഡൽഹിയിലെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം മൊത്തം എന്തുതുക ചെലവുവരുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കാവേരി സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ 12,06,416 രൂപയും ഓഫീസ് പ്രവർത്തനങ്ങൾക്കായി 4,35,281 രൂപയും ഉൾപ്പെടെ ആകെ 16,41,697 രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ